ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.04.2026** **TIME: 07.25 PM**

## പ്രധാന വാർത്തകൾ

1. യുവ ജനങ്ങൾക്ക് മുന്നിൽ അവസരങ്ങളുടെ ലോകമാണ് ഉള്ളതെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

   **World of opportunities lies before youth, says Vice President CP Radhakrishnan.**

2. നിതി ആയോഗ് കേന്ദ്ര സർക്കാർ പുന സംഘടിപ്പിച്ചു. രാജ്യത്തിൻറെ നയ രൂപീകരണത്തിലെ സുപ്രധാന ഘടകമാണ് നിതി ആയോഗ് എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **The Central Government reconstitutes NITI Aayog; it is a vital pillar in policy-making, says PM Modi.**

3. നീതിന്യായ വ്യവസ്ഥയിൽ ജനങ്ങൾക്കുള്ള വിശ്വാസം കാത്തുസൂക്ഷിക്കേണ്ടത് എല്ലാവരുടെയും കൂട്ടായ ഉത്തരവാദിത്തമാണെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സൂര്യകാന്ത്.

   **Upholding public faith in the judiciary is a collective responsibility, says Chief Justice Surya Kant.**

4. ആത്മനിർഭർ അതിവേഗ ബുള്ളറ്റ് ട്രെയിൻ നിർമ്മാണ പ്ലാന്റ്- 'ആദിത്യ', ബംഗളുരുവിൽ പ്രവർത്തനമാരംഭിച്ചു.

'Aditya', the Atmanirbhar high-speed bullet train manufacturing plant, begins operations in Bengaluru.

5. കേരളത്തിലെ ഉഷ്ണതരംഗ സാഹചര്യം നേരിടാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം വിപുലമായ പ്രതിരോധ പദ്ധതികൾ ആസൂത്രണം ചെയ്തു.

   High-level meeting chaired by CM Pinarayi Vijayan plans extensive measures to tackle Kerala's heatwave.

6. ഇന്ത്യ- ദക്ഷിണാഫ്രിക്ക വനിതാ ടി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് ജോഹന്നാസ്ബർഗിൽ.

   India and South Africa face off in the fourth Women's T20 today in Johannesburg

☸☸☸☸☸☸☸☸☸☸☸☸☸

## NEW PM - NITI AAYOG

നിതി ആയോഗ് കേന്ദ്ര സർക്കാർ പുനഃസംഘടിപ്പിച്ചു. പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻ അശോക് കുമാർ ലാഹിരിയെ പുതിയ വൈസ് ചെയർ മാനായി നിയമിച്ചു. നിലവിലെ വൈസ് ചെയർമാൻ സുമൻ കെ. ബേരിക്ക് പകരമാണ് അദ്ദേഹത്തിന്റെ നിയമനം. ഇതിനു പുറമെ രാജീവ് ഗൗബ, പ്രൊഫ. കെ.വി. രാജു, പ്രൊഫ. ഗോബർധൻ ദാസ്, ഡോ. എം. ശ്രീനിവാസ്, പ്രൊഫ. അഭയ് കരന്ദിക്കർ എന്നിവരെ നിതി ആയോഗിന്റെ പൂർണ്ണസമയ അംഗങ്ങളായും സർക്കാർ നിയമിച്ചിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## PM - NITI AAYOG

ഇന്ത്യയുടെ നയരൂപീകരണത്തിൽ നിതി ആയോഗ് സുപ്രധാന ഘടകമായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സഹകരണാത്മക ഫെഡറലിസം വളർത്തുന്നതിനും പരിഷ്കാരങ്ങൾ വേഗത്തിലാക്കി ജനജീവിതം സുഗമമാക്കുന്നതിനും നിതി ആയോഗ് വലിയ പങ്ക് വഹിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. നിതി ആയോഗിന്റെ പുതിയ വൈസ്

ചെയർമാനായി നിയമിതനായ അശോക് കുമാർ ലാഹിരി ന്യൂഡൽഹിയിൽ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

## VP JAIPUR (INTRO)

യുവ ജനങ്ങൾക്ക് മുന്നിൽ അവസരങ്ങളുടെ ലോകമാണ് ഉള്ളതെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ജയ്പ്പൂരിൽ രാജസ്ഥാൻ സർവ്വകലാശാലയുടെ 35-ാാം ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അവസരങ്ങളോടൊപ്പം വെല്ലുവിളികളും വർധിച്ചു വരികയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് നാം നേടിയ അറിവ് മികച്ച ഭാവി രൂപപ്പെടുത്തുന്നതിന് ഉപകരിക്കുമെന്നും ഉപരാഷ്ട്രപതി പറഞ്ഞു.
(വോയിസ്)

## JAIPUR - JUSTICE SURYAKANT

നീതിന്യായ വ്യവസ്ഥയിൽ ജനങ്ങൾക്കുള്ള വിശ്വാസം കാത്തുസൂക്ഷിക്കേണ്ടത് എല്ലാവരുടെയും കൂട്ടായ ഉത്തരവാദിത്തമാണെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സൂര്യകാന്ത്. ജയ്പൂരിൽ 'റിട്ടയർമെന്റിന് ശേഷമുള്ള ബെഞ്ച്' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിയമ ബോധവൽക്കരണത്തിനും മധ്യസ്ഥതയിലൂടെ കേസുകൾ തീർപ്പാക്കുന്നതിനും വിരമിച്ച ജഡ്ജിമാർക്ക് വലിയ പങ്ക് വഹിക്കാനാകുമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. വിരമിച്ച ജഡ്ജിമാരുടെ ലേഖന സമാഹാരവും ചടങ്ങിൽ പ്രകാശനം ചെയ്തു.

## VAISHNAW - BULLET TRAIN PLANT

ആത്മനിർഭർ അതിവേഗ ബുള്ളറ്റ് ട്രെയിൻ നിർമ്മാണ പ്ലാന്റ്- 'ആദിത്യ', കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ബംഗളുരുവിൽ ഉദ്ഘാടനം ചെയ്തു. ബുള്ളറ്റ് ട്രെയിനിന്റെ ആദ്യ പ്രോട്ടോടൈപ്പ് അടുത്ത വർഷം പുറത്തിറങ്ങുമെന്നും 2027-ന്റെ അവസാന പകുതിയോടെ നിർമ്മാണം ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു. ബംഗളുരുവിനും മുംബൈയ്ക്കും

ഇടയിൽ സൂപ്പർഫാസ്റ്റ് ട്രെയിനും വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനും ഉടൻ സർവീസ് ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## FM SEBI

പൊതുജനങ്ങൾക്ക് കെ വൈ സി നടപടിക്രമങ്ങൾ കൂടുതൽ ലളിത മാക്കുന്നതിന് യോജിച്ച് പ്രവർത്തിക്കണമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. സെബിയുടെ 38-ാം സ്ഥാപക ദിനത്തോടനു ബന്ധിച്ച് മുംബൈയിൽ സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയാ യിരുന്നു അവർ. വിവിധ സാമ്പത്തിക സേവനങ്ങൾക്കായി ഒരേ പരിശോധനാ നടപടികൾ ആവർത്തിക്കേണ്ട സാഹചര്യം ഉണ്ടാകാതിരി ക്കാൻ ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ ശ്രദ്ധിക്കണ മെന്നും ശ്രീമതി നിർമല സീതാരാമൻ പറഞ്ഞു. സെബിയുടെ നിക്ഷേപക ബോധവത്കരണ സംരംഭമായ ജാഗരൂക് ധനമന്ത്രി ഉദ്ഘാടനം ചെയ്തു.

☸☸☸☸☸☸☸☸☸☸☸☸☸

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ രാവിലെ 11- മണിക്ക്. പരിപാടിയുടെ 133-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും മൻ കീ ബാത്ത് തത്സമയം ലഭ്യമാകും.

☸☸☸☸☸☸☸☸☸☸☸☸☸

## WOMEN T-20

ഇന്ത്യ- ദക്ഷിണാഫ്രിക്ക വനിതാ ടി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് ജോഹന്നാസ്ബർഗിൽ നടക്കും. ഇന്ത്യൻ സമയം രാത്രി 9:30-നാണ് മത്സരം. ആദ്യ മൂന്ന് മത്സരങ്ങളും വിജയിച്ച ദക്ഷിണാഫ്രിക്ക ഇതിനോടകം പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## IPL

ഐ പി എൽ ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ പഞ്ചാബ് കിംഗ്സിന് 265 റൺസ് വിജയലക്ഷ്യം. മറുപടി ബാറ്റിംഗിനിറങ്ങിയ പഞ്ചാബ് 15.3 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 213 റൺ എടുത്തിട്ടുണ്ട്. രണ്ടാമത്തെ മത്സരത്തിൽ രാജസ്ഥാൻ റോയൽസ് - സൺ റൈസേഴ്സ് ഹൈദരാബാദ് പോരാട്ടം.

# KERALA CM - MEETING (INTRO)

കേരളത്തിലെ ഉഷ്ണതരംഗ സാഹചര്യം നേരിടാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം വിപുലമായ പ്രതിരോധ പദ്ധതികൾ ആസൂത്രണം ചെയ്തു.

വിശദാംശങ്ങളിലേക്ക്...

(വോയ്സ്)

പൊതുസ്ഥലങ്ങളിൽ കുടിവെള്ളം, ഒ.ആർ.എസ്, തണൽ പന്തലുകൾ എന്നിവ ഉറപ്പാക്കും. ഉഷ്ണതരംഗ മുന്നറിയിപ്പുള്ളപ്പോൾ പൊതുപരിപാടി കൾക്കും കായിക മത്സരങ്ങൾക്കും കർശന നിയന്ത്രണം ഏർപ്പെടുത്തും. തടസ്സമില്ലാതെ വൈദ്യുതി - കുടിവെള്ള വിതരണം ഉറപ്പാക്കാൻ കെ.എസ്.ഇ.ബി.ക്കും വാട്ടർ അതോറിറ്റിക്കും നിർദ്ദേശം നൽകി. ആരോഗ്യമേഖലയിൽ പ്രത്യേക ഹീറ്റ് ക്ലിനിക്കുകൾ ആരംഭിക്കാനും, പാമ്പുകടിക്കെതിരെയുള്ള ആന്റിവെനം ലഭ്യതയും അമീബിക് മസ്തിഷ്കജ്വരത്തിനെതിരായ ജാഗ്രതയും ഉറപ്പാക്കാൻ തീരുമാനിച്ചു. ദീർഘകാലാടിസ്ഥാനത്തിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനുകളും കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങളും നടപ്പിലാക്കും. അംഗൻവാടികളെയും സ്കൂളുകളെയും താപ പ്രതിരോധ ശേഷിയുള്ള കെട്ടിടങ്ങളാക്കി മാറ്റും. ദുരന്ത നിവാരണ അതോറിറ്റിയുടെ 'കവചം' പോലുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ കാര്യക്ഷമമാക്കും. ഇതിനാവശ്യമായ സാമ്പത്തിക സഹായം ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ലഭ്യമാക്കാനും അടിയന്തര നടപടികൾക്ക് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്താനും യോഗം തീരുമാനിച്ചു.

ന്യൂസ് ഡസ്ക്ക് ആകാശവാണി...

## CENSUS - KERALA

കേരളത്തിൽ 2027ലെ സെൻസസ് രണ്ടു ഘട്ടങ്ങളിലായി പൂർണമായും ഡിജിറ്റൽ രീതിയിൽ നടത്തും. ആദ്യഘട്ടത്തിൽ ജൂലൈ 1 മുതൽ 30 വരെ ഹൗസ് ലിസ്റ്റിംഗും ഹൗസിംഗ് സെൻസസും നടക്കും. ഇതിന് മുന്നോടി യായി ജൂൺ 16 മുതൽ 15 ദിവസത്തേക്ക് സെൽഫ് എന്യുമറേഷൻ ആരംഭിക്കും. രണ്ടാംഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് 2027 ഫെബ്രുവരി യിൽ നടക്കും. ഡിജിറ്റൽ സെൻസസിന്റെ ഭാഗമായി എന്യുമറേറ്റർ മൊബൈൽ ആപ്പിലൂടെ വിവരശേഖരണം നടത്തും.

## THRISSUR POORAM

ചരിത്ര പ്രസിദ്ധമായ തൃശൂർ പൂരം നാളെ. മുണ്ടത്തിക്കോട് അപകട ത്തിന്റെ പശ്ചാത്തലത്തിൽ വെടിക്കെട്ട് പൂർണമായും ഒഴിവാക്കിയും കുടമാറ്റത്തിന്റെ സമയം വെട്ടി കുറച്ചുമാണ് ഇത്തവണത്തെ തൃശൂർ പൂരം അരങ്ങേറുന്നത്. നാളെ രാവിലെ ഏഴര മുതൽ ഘടകപൂരങ്ങളുടെ വരവു തുടങ്ങും. തുടർന്ന് മഠത്തിൽ വരവും ഇലഞ്ഞിത്തറമേളവും പൂര നഗരിയിൽ നാദ വിസ്മയം തീർക്കും. വെടിക്കെട്ടുകളുടെ സമയത്ത് ആചാരപരമായി ഇത്തവണ കതിന പൊട്ടിക്കും. ഘടക പൂരങ്ങളും ആചാര അനുഷ്ഠാനങ്ങൾ ഒഴിവാക്കാതെ നാളെ പൂരത്തിന്റെ ഭാഗമാകും.

## EKM - FIRE ACCIDENT

എറണാകുളം നഗരത്തിലെ പുല്ലേപ്പടിയിൽ വൻ തീപിടിത്തം. ആക്രി സാധനങ്ങൾ കൂട്ടിയിട്ടിരുന്നിടത്താണ് തീപിടിത്തമുണ്ടായത്. വൈകീട്ട് ആറുമണിയോടെ പുല്ലേപ്പടി പാലത്തിനു താഴെയാണ് സംഭവം. തൊട്ടടുത്ത് പ്രവർത്തിക്കുന്ന ജെൻസ് ഹോസ്റ്റലിലേക്കും തീ പടർന്നു. ആളപായമില്ല. അഗ്നിശമന സേനയുടെ വിവിധ യൂണിറ്റുകളെത്തി തീ അണക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്.

## ADD WB ELECTION

പശ്ചിമ ബംഗാളിൽ ഈ മാസം 29 ന് നടക്കുന്ന രണ്ടാംഘട്ട വോട്ടെടുപ്പിന് മുന്നോടിയായി പ്രചാരണം ഊർജ്ജിതം. ബിജെപിക്ക് വേണ്ടി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഈസ്റ്റ് ബർദ്വാൻ, ഹൗറ എന്നിവിടങ്ങളിൽ റാലികളിലും ഹൗറയിലും സൗത്ത് കൊൽക്കത്തയിലും റോഡ് ഷോകളിലും പങ്കെടുത്തു. തൃണമൂൽ കോൺഗ്രസിനായി മുഖ്യമന്ത്രി മമത ബാനർജി ഹൂഗ്ലി, ഡംഡം, ഭവാനിപൂർ, ബെഹല എന്നിവിടങ്ങളിൽ പ്രചാരണം നടത്തി. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ന് ശ്രീരാംപൂർ, കൊൽക്കത്ത, എന്നിവിടങ്ങളിൽ റാലികളെ അഭിസംബോധന ചെയ്യു. സി.പി.ഐ.എം. സംസ്ഥാന സെക്രട്ടറി മുഹമ്മദ് സലീം, മുതിർന്ന നേതാവ് അസിം ദാസ് ഗുപ്ത എന്നിവരുടെ നേതൃത്വത്തിൽ ഇടതുമുന്നണി ഹൗറയിലും പാനിഹട്ടിയിലും റോഡ് ഷോകൾ സംഘടിപ്പിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## WB-ELECTION-ON SITE INSPECTIONS

രണ്ടാം ഘട്ട വോട്ടെടുപ്പിന് മുന്നോടിയായി പശ്ചിമ ബംഗാളിൽ വിവിധ മണ്ഡലങ്ങളിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി. ചീഫ് ഇലക്ടറൽ ഓഫീസർ മനോജ് കുമാർ അഗർവാൾ ഉൾപ്പെടെ ഉന്നത തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ആറാംബാഗ്, ബരക് പൂർ, സന്ദേശ്ഖാലി എന്നിവിടങ്ങളിൽ നേരിട്ടെത്തി സ്ഥിതി വിലയിരുത്തി. പ്രശ്ന സാധ്യതയുള്ള ബൂത്തുകളിൽ കേന്ദ്രസേനയെ വിന്യസിക്കാനും നിരീക്ഷണം കർശനമാക്കാനും ചീഫ് ഇലക്ടറൽ ഓഫീസർ നിർദ്ദേശം നൽകി.

☸☸☸☸☸☸☸☸☸☸☸☸☸

## WORLD MALARIA DAY

ജീവന് ഭീഷണിയായ മലേറിയ രോഗത്തിനെതിരെ പോരാടുന്നതിനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ. കൃത്യസമയത്തുള്ള ഇടപെടലിലൂടെ ഇത് തടയാവുന്നതും ചികിത്സിച്ച് ഭേദമാക്കാവുന്നതുമാണെന്ന് ലോക മലേറിയ ദിനാചരണത്തിന്റെ ഭാഗമായി സമൂഹ്യ മാധ്യമത്തിൽ നൽകിയ സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. മലേറിയ പ്രതിരോധം, നിയന്ത്രണം, ചികിത്സ എന്നിവയെക്കുറിച്ച് ആഗോളതലത്തിൽ അവബോധം വളർത്തുന്നതിനാണ് വർഷംതോറും ഈ ദിനം ആചരിച്ചുവരുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸

## CDS MEETING

സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ യുഎസ് പസഫിക് എയർഫോഴ്സ് കമാൻഡറുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും യുഎസും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ദൃഢമാക്കുന്നത് ഇരുപക്ഷവും ആവർത്തിച്ചു. ഇൻഡോ-പസഫിക് മേഖല ഉൾപ്പെടെ സമാധാനവും സുസ്ഥിരതയും നിലനിർത്തുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള പ്രതിബദ്ധത സൈനിക മേധാവിമാർ അടിവരയിട്ടു.

## ED - RAID WB

പശ്ചിമ ബംഗാളിൽ പൊതുവിതരണ സംവിധാനവുമായി ബന്ധപ്പെട്ട അഴിമതി കേസിൽ എൻഫോഴ്സ്മെൻ്റ് ഡയറക്ടറേറ്റ് വ്യാപക തിരച്ചിൽ നടത്തി. കൊൽക്കത്ത, ബർദ്വാൻ, ഹബ്ര എന്നിവിടങ്ങളിലായി ഒമ്പത് ഇടങ്ങളിലാണ് റെയ്ഡ് നടന്നത്.